(റിട്ട.)-നെ കൺസൾട്ടന്റായി നിയമിച്ചു. വിദേശമദ്യ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് ഒരു പുതിയ കമ്പനി രൂപവൽക്കരിക്കാൻ G.O.(MS)84/09/TD നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചു. ഇതനുസരിച്ച് മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന പേരിൽ 16-6-2009-ൽ പുതിയ കമ്പനി രൂപീകൃതമായി. 5-4-2010-ലെ G.O.(MS)99/10/TD നമ്പർ ഉത്തരവ് പ്രകാരം ചിക്കോപ്സിന്റെ അധീനതയിലുള്ള സ്ഥലവും കെട്ടിടങ്ങളും 3 ഏക്കർ ഒഴികെ പുതിയ കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചു. ചിക്കോപ്സിന്റെ ഉപയോഗശൂന്യമായ യന്ത്രസാമഗ്രികൾ 'SILK-ന്' 2.45 കോടി രൂപയ്ക്ക് വിൽക്കുന്നതിന് 6-3-2010-ലെ G.O.(MS)57/10/TD നമ്പർ ഉത്തരവ് പ്രകാരം തീരുമാനമെടുക്കുകയുണ്ടായി. 6-5-2010-ലെ G.O.(MS)119/10/TD നമ്പർ ഉത്തരവ് പ്രകാരം ചിക്കോപ്സിലെ ശേഷിക്കുന്ന 103 ജീവനക്കാരെ പുതിയ കമ്പനിയിലേക്ക് ഏറ്റെടുക്കുവാൻ തീരുമാനമായി.

(സി) പുനഃസംഘടനയ്ക്ക് സാങ്കേതികമായ തടസ്സങ്ങൾ ഒന്നും തന്നെയില്ല.

(ഡി) എത്രയുംവേഗം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

എക്സൈസ് വകുപ്പിലെ ആധുനികവൽക്കരണം

79 (5484) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സാജുപോൾ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആധുനിക വൽക്കരണത്തിന്റെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടേയും വിശദാംശം നൽകുമോ ;

(സി) 10 വർഷത്തിന്മേൽ പഴക്കമുള്ള എല്ലാ വാഹനങ്ങളും മാറ്റി പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ ;

(ഡി) എക്സൈസ് ഉദ്യോഗസ്ഥർക്ക് പിസ്റ്റളും മറ്റ് ആധുനിക ഉപകരണങ്ങളും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) 2006 വർഷം മുതൽ ഈ സർക്കാർ എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് ചെലവഴിച്ചത് ആകെ 7,64,38,900 രൂപയാണ്. ആയത് താഴെ പറയുംപ്രകാരമാണ്,

LIBRARY ARCHIVES Kerala Legislative Assembly

2006-2007 - 93,17,071 രൂപ

2007-2008 - 81,28,968 രൂപ

2008-2009 - 3,65,32,142 രൂപ

2009-2010 - 2,24,60,719 രൂപ

(ബി) (i) 2006 മുതൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ ആകെ 150 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങിയിട്ടുണ്ട്.

(ii) എക്സൈസ് ഡിപ്പാർട്ട്മെന്റിൽ 2010 വരെ ആകെ 152 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ എക്സൈസ് സർക്കിൾ ഓഫീസ് മുതൽ മുകളിലുള്ള എല്ലാ ഓഫീസുകളിലും ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ജില്ലാ, മേഖലാ സംസ്ഥാന ഓഫീസുകളിൽ ഫോട്ടോസ്റ്റാറ്റ്, ഫാക്സ് മെഷീനുകൾ, ഫ്രാങ്കിംഗ് മെഷീനുകൾ എന്നിവ നൽകിയിട്ടുണ്ട്.

(സി) എല്ലാ വാഹനങ്ങളും മാറ്റി പുതിയവ നൽകിയിട്ടില്ല.

(ഡി) എക്സൈസ് ഡിപ്പാർട്ട്മെന്റിൽ സർക്കിൾ ഇൻസ്പെക്ടർമാർ മുതൽ മുകളിലുള്ളവർക്ക് നിലവിൽ 101 റിവോൾവറുകൾ നൽകിയിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർമാർക്ക് നൽകുന്നതിനായി 110 ആധുനിക പിസ്റ്റളുകൾ, കൊൽക്കത്തയിലെ ഗൺ ആന്റ് ഷെൽ ഫാക്ടറിയിൽനിന്നും വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ച മദ്യം

80 (5485) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ബിവറേജസ് കോർപ്പറേഷൻ വഴി എത്ര രൂപയുടെ മദ്യം വിറ്റഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) മദ്യവില്പന വഴി ഓരോ വർഷവും എത്ര രൂപ സർക്കാരിന് വരുമാനം വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ച മദ്യത്തിന്റെ വില താഴെപറയും പ്രകാരമാണ്,

LIBRARY ARCHIVES Kerala Legislative Assembly